## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 30 — 28.10.2019 - ൽ മറുപടിക്ക്

## കേരള പുനർ നിർമ്മാണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.ഡി.സതീശൻ** | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | നവകേരളം എന്ന ലക്ഷ്യത്തിനായി ആരംഭിച്ച കേരള പുനർ നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഫണ്ട് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) | ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment(PDNA) പ്രകാരം പ്രളയാനന്തര പുനർനിർമാണത്തിനായി മൊത്തം 31000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത് |
| (ബി) | എങ്കിൽ പ്രസ്തുത ഫണ്ട് സ്വരൂപിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനകം എന്ത് തുക ഇതിനായി ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽ നിന്ന് 500 മില്ല്യൺ ഡോളർ വികസന നയവായ്പയും (DPL), ജർമൻ ബാങ്കായ KfW-ൽ നിന്ന് 170 മില്ല്യൺ യൂറോ വായ്പയും സമാഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി |

(സി) കേരള പുനർ നിർമ്മാണ പദ്ധതിക്കായി ലോക ബാങ്കിൽ നിന്നും ഒരു ജർമൻ ബാങ്കിൽ നിന്നും വായ്പ ലഭ്യമായിട്ടുണ്ടോ; എങ്കിൽ എന്ത് തുകയുടെ വായ്പയാണ് ലഭിച്ചത്; ഇതിന്റെ പലിശ നിരക്കും, തിരിച്ചടവ് കാലാവധിയും വ്യക്തമാക്കാമോ;

ലോകബാങ്കിൽ നിന്ന് വികസന നയവായ്പയുടെ ആദ്യ ഗഡുവായി 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) ഈ വർഷം ലഭ്യമായിട്ടുണ്ട്. ജർമൻ ബാങ്കായ KfW-ൽ നിന്നുള്ള വായ്പ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്ന നടപടി അന്തിമഘട്ടത്തിലാണ്.

ലോകബാങ്കിൽ നിന്നും ലഭ്യമായ 250 മില്ല്യൺ ഡോളർ (1779.58 കോടി രൂപ) വായ്പയുടെ പലിശനിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ഭാഗം - എ കൺസഷണൽ വായ്പ | ഭാഗം - ബി നോൺ-കൺസഷണൽ വായ്പ |
|---|---|---|
| തുക | 1133.07 കോടി രൂപ | 646.51 കോടി രൂപ |
| പലിശനിരക്ക് | 1.25% വാർഷിക പലിശ | LIBOR+ ലോകബാങ്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്ക് |
| തിരിച്ചടവ് കാലാവധി | 15/11/2024 മുതൽ 15/05/2049 വരെ 50 അർദ്ധ വാർഷിക തവണകൾ | 15/11/2024 മുതൽ 15/11/2043 വരെ 39 അർദ്ധവാർഷിക തവണകൾ |

| | | | |
|---|---|---|---|
| (ഡി) | റീ ബിൽഡ് കേരളയുടെ ഓഫീസിനായി ഏത് കെട്ടിടമാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്; ഇതിന്റെ പ്രതിമാസ വാടക എത്രയാണ്; | (ഡി) | ആവശ്യമായ സാങ്കേതിക - പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടുത്തി റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ പ്രവർത്തനത്തിനായി സൗകര്യാർത്ഥം സെക്രട്ടേറിയറ്റിനു തൊട്ടടുത്തുതന്നെയുള്ള KLA Calsar Heather Tower എന്ന കെട്ടിടത്തിന്റെ ഒന്നാം നിലയിൽ 2973 ചതുരശ്ര അടി ഓഫിസ് സ്ഥലം 1,48,650 രൂപ പ്രതിമാസവാടക നിശ്ചയിച്ച് എടുത്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഓഫീസ് കെട്ടിടത്തിന്റെ നവീകരണത്തിനായി എന്ത് തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | പ്രസ്തുത കെട്ടിടത്തിൽ ഓഫീസ് സൗകര്യം ഒരുക്കുന്നതിനായി സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചു. 53 ലക്ഷം രൂപ (ജി.എസ്.ടി., സെന്റേജ് ചാർജുകൾ ഒഴികെ) അടങ്കൽ തുകയുള്ള സാങ്കേതിക അനുമതി നൽകിയിട്ടുണ്ട്. ടെൻഡർ നടപടിക്രമം പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് പ്രവൃത്തി ചെയ്യിപ്പിച്ചു വരുന്നു. |
| എഫ്) | റീ-ബിൽഡ് കേരളയുടെ ഓഫീസിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അവരുടെ നിയമനം എപ്രകാരമാണെന്ന് വിശദമാക്കുമോ? | എഫ്) | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ ഒരു അഡിഷണൽ സെക്രട്ടറിയും ഒരു സെക്ഷൻ ഓഫീസറും മൂന്ന് അസ്സിസ്റ്റന്റ്മാരും ചേർന്നതാണ് റീബിൽഡ് കേരള ഓഫീസിന്റെ ഘടന. ഇതു കൂടാതെ, 09/11/2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ചീഫ് എക്സിക്യൂട്ടിവ് ഓഫിസർക്ക് ഉചിതമെന്ന് തോന്നുന്ന മേഖലകളിൽ നിന്നും വിദഗ്ധരെ കൺസൾറ്റന്റുമാരായി നിയമിക്കാവുന്നതാണ്. ഇപ്രകാരം താൽക്കാലിക അടിസ്ഥാനത്തിൽ 5 കൺസൾറ്റന്റുമാരും റീബിൽഡ് കേരള ഓഫീസിൽ സേവനം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**